DISPATCHED
On. 29/01/2022



04.01.22

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2561603, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No.2924(4)/2014/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നം.17948/എസ്.ഐ.സി-ജി 2/2014)**
**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**
**(തീയതി 04.01.2022)**

ശ്രീ. പ്രദീപ്കുമാർ പി.വി,
പാറയ്ക്കൽ ഹൗസ്,
പുത്തൻചന്ത പി.ഒ,
വാകത്താനം, ചങ്ങനോശ്ശേരി,
കോട്ടയം. — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സെക്രട്ടറി,
   പനച്ചിക്കാട് ഗ്രാമപഞ്ചായത്താഫീസ്,
   കുഴിമറ്റം പി.ഒ, കോട്ടയം.
2. അപ്പീൽ അധികാരി &
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്,
   കോട്ടയം.

— എതിർകക്ഷികൾ

**ഉത്തരവ്**

അപ്പീൽ ഹർജിക്കാരൻ 20.06.2014 ൽ ഒന്നാം എതിർകക്ഷിക്ക് നൽകിയ വിവരാവകാശ അപേക്ഷയിൽ, സിന്ധു, വേലൻ പറമ്പ്, കൊല്ലാട് പി.ഒ എന്നയാൾക്ക് ടിയാളുടെ പുരയിടത്തിൽ നിൽക്കുന്ന ആഞ്ഞിലിയും കാഞ്ഞിരവും

വെട്ടിമാറ്റണമെന്ന് കാണിച്ച് 13.09.2011 ൽ നൽകിയ നോട്ടീസിന് ആധാരമായ പരാതിയുടെ പകർപ്പ് ആവശ്യപ്പെട്ടിട്ട് ലഭിച്ചില്ല എന്നതാണ് അപ്പീൽ ഹർജിക്ക് ആധാരമായിട്ടുള്ളത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 06.02.2019 ൽ കോട്ടയം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

3. അപ്പീൽ ഹർജിക്കാരൻ 2014 ൽ ആവശ്യപ്പെട്ടത് 2011 ൽ സമർപ്പിച്ച ഒരു പരാതിയുടെ പകർപ്പായിരുന്നുവെന്നും, എന്നാൽ ഇത്തരം പരാതികൾ ഒരു വർഷത്തിൽ കൂടുതൽ കാലം ഓഫീസിൽ സൂക്ഷിക്കാറില്ലെന്നും, അതുകൊണ്ടാണ് മറുപടി കൃത്യമായി നൽകാൻ കഴിയാതെ വന്നതെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു.

4. ഒന്നാം എതിർകക്ഷി പറഞ്ഞ കാര്യങ്ങൾ വസ്തുതാപരമാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് കമ്മീഷൻ ഇന്നേദിവസം 04.01.2022 ന് ഉത്തരവാകുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re